കുടിശ്ശിക ക്ഷാമബത്ത

13 (967)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സർക്കാർ ജീവനക്കാർക്ക് കേന്ദ്രനിരക്കിൽ നൽകേണ്ടിയിരുന്ന ക്ഷാമബത്തയിൽ കുടിശ്ശികയുണ്ടായിരുന്നോ;

(ബി) എങ്കിൽ എത്രഗഡു കുടിശ്ശികയുണ്ടായിരുന്നുവെന്നും ഇതെന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) ഈ കുടിശ്ശിക നൽകിയതിന് എന്തുതുക ചെലവായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) 1.1.96 മുതലുള്ള ഒരു ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ടായിരുന്നു. 6.9.96-ലെ ജി.ഒ(പി) നം. 560/96 ധന എന്ന ഉത്തരവുപ്രകാരം 1996 ഒക്ടോബർ മാസത്തെ ശമ്പളത്തോടൊപ്പം ഇത് അനുവദിച്ചു.

(സി) ഈ കുടിശ്ശിക നൽകിയതിന് 122 കോടി രൂപ ചെലവായി.

ക്ഷേമ പെൻഷൻ

14(968)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്കാണ് ക്ഷേമപെൻഷൻ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കുറഞ്ഞ ക്ഷേമപെൻഷനും കൂടിയ ക്ഷേമപെൻഷനും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേമ പെൻഷൻ പദ്ധതിപ്രകാരം 1996-97 മുതൽ 1999-2000 വരെ സംസ്ഥാന് ചെലവ് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ക്ഷേമപെൻഷൻ ഏകീകരിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ ഉൾപ്പെടെ 9,01,858 പേർക്ക് സാമൂഹ്യപെൻഷൻ നൽകിവരുന്നു.

(ബി) കർഷകതൊഴിലാളി പെൻഷൻ പ്രതിമാസം 100 രൂപയും മറ്റു സാമൂഹ്യ പെൻഷനുകൾ പ്രതിമാസം 110 രൂപയും വീതമാണ് നൽകി വരുന്നത്.

(സി) സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി പ്രകാരം 1996-97 മുതൽ 1999-2000 വരെയുള്ള സംസ്ഥാന ചെലവ് വർഷം തിരിച്ച് ചുവടെ ചേർക്കും പ്രകാരമാണ്.

1996-97	7643.93 ലക്ഷം രൂപ
1997-98	7627.01 ലക്ഷം രൂപ
1998-99	7665.62 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

1999-2000 7077.44 ലക്ഷം രൂപ

(ഡി) പരിശോധിക്കുന്നതാണ്.

പത്തുവർഷം സർവ്വീസ് ഇല്ലാത്ത സർക്കാർ ജീവനക്കാർക്ക് പെൻഷൻ

15 (969)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തു വർഷം സർവ്വീസ് ഇല്ലാത്ത സർക്കാർ ജീവനക്കാർക്ക് പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിവിധ ഡിപ്പാർട്ട്മെന്റിലായി എത്രപേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവരിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പത്തുവർഷത്തിൽ കൂടുതൽ സർവ്വീസുള്ളവരും പത്തു വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ളവരും അകാരണമായി സർവ്വീസിൽനിന്നും വിട്ടുനിന്ന് ഇപ്പോൾ തൊഴിൽരഹിതരായി കഴിയുന്ന പക്ഷം അത്തരത്തിലുള്ളവർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തുവർഷം സർവ്വീസ് ഇല്ലാത്ത സർക്കാർ ജീവനക്കാർക്ക് എക്സ് ഗ്രേഷ്യ പെൻഷൻ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിൽ നിന്നുമായി ആകെ 610 അപേക്ഷകൾ അക്കൗണ്ടന്റ് ജനറലിന് ലഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(സി) 323 അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് അകാരണമായും അനധികൃതമായും സർവ്വീസിൽനിന്നും വിട്ടുപോയവർക്ക് മുൻകാല സർവ്വീസ് നഷ്ടമാകുന്നതിലൂടെ പെൻഷന് അർഹതയില്ല. അതിനാൽ അതിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നില്ല.

റെയ്ഡ്കോക്ക് ഗ്രാന്റ് ലഭ്യമാക്കുവാൻ നടപടി

16 (971)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റെയ്ഡ്കോ എന്ന സ്ഥാപനം സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly